# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് പതിനൊന്ന്

## സ്മുർന്നയിലുള്ള സഭ—പുനരുത്ഥാനജീവനും ജീവകിരീടവും

തന്റെ ഉദ്ദേശ്യം നിവർത്തിക്കുവാൻ സഭകളെ തിരഞ്ഞെടുക്കുന്നതിൽ കർത്താവ് പരമാധികാരിയായിരുന്നു. അവൻ ആസ്യയിലുള്ള എഫെസൊസ്, സ്മുർന്നാ, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്യ എന്നീ ഏഴു സഭകളെ തിരഞ്ഞെടുത്തു. യവനഭാഷ അനുസരിച്ച്, ഓരോ പട്ടണത്തിന്റെയും പേര് വളരെ അർഥവത്താണ്; ഓരോ പേരും അതിന്റെ ആത്മിക സൂചിതാർഥത്തോട് കൃത്യമായും യോജിക്കുന്നു. ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, എഫെസൊസ് എന്നാൽ ആഗ്രഹിക്കത്തക്കത് എന്നാണ്; എഫെസൊസിലുള്ള സഭ കർത്താവിനു വിലയേറിയതും അവന്റെ കണ്ണുകളിൽ ആഗ്രഹിക്കത്തക്കതും ആയിരുന്നു. യവനഭാഷയിൽ സ്മുർന്ന അർഥമാക്കുന്നത് മൂര് എന്നാണ്. മൂര് മാധുര്യമുള്ള ഒരു സുഗന്ധ വ്യഞ്ജനമാണ്; പ്രതീകത്തിൽ, അത് കഷ്ടംസഹിക്കുന്നതിനെ സൂചിപ്പിക്കുന്നു. മുൻകുറിശാസ്ത്രത്തിൽ, മൂര് ക്രിസ്തുവിന്റെ മാധുര്യമുള്ള കഷ്ടത്തെ സൂചിപ്പിക്കുന്നു. അങ്ങനെ, സ്മുർന്നയിലുള്ള സഭ കഷ്ടംസഹിക്കുന്ന ഒരു സഭയായിരുന്നു; ഒന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗം മുതൽ നാലാം നൂറ്റാണ്ടിന്റെ ആദ്യഭാഗം വരെ, റോമാസാമ്രാജ്യത്തിന്റെ ഉപദ്രവത്തിൻകീഴിലുള്ള സഭയെ അത് മുൻകുറിക്കുന്നു. ഉപദ്രവിക്കപ്പെട്ട ഈ സഭ ക്രിസ്തുവിന്റെ മാധുര്യത്തിലും സുഗന്ധത്തിലും കഷ്ടം സഹിച്ചു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഈ സഭ യേശുവിന്റെ കഷ്ടതയിലും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയിലും ആയിരുന്നു. സ്മുർന്നയിലുള്ള സഭ അവന്റെ കഷ്ടാനുഭവത്തിന്റെ തുടർച്ചയായിത്തീർന്നുകൊണ്ട്, ക്രിസ്തുവിനെപ്പോലെതന്നെ കഷ്ടം സഹിച്ചു. "ക്രിസ്തുവിന്റെ പീഡകളിൽ കുറവുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി എന്റെ ഭാഗത്ത് പൂരിപ്പിക്കുന്നു" എന്ന് കൊലൊസ്സ്യർ 1:24-ൽ പൗലൊസ് പറഞ്ഞു. പൗലൊസ് ക്രിസ്തുവിന്റെ കഷ്ടങ്ങൾ പൂർത്തിയാക്കുകയായിരുന്നു.

ക്രിസ്തുവിന്റെ വീണ്ടെടുപ്പിനെ തുടർന്നുകൊണ്ടുപോകുവാൻ ആർക്കും കഴിയുകയില്ലെങ്കിലും, അവന്റെ കഷ്ടങ്ങൾ അവന്റെ എല്ലാ അനുയായികളാലും വ്യക്തിപരമായും കൂട്ടായും പൂർത്തീകരിക്കപ്പെടണം. സ്മുർന്നയിലുള്ള സഭയിൽ യേശുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ തുടർച്ചയെ നാം കാണുന്നു. ഈ സഭ യേശുവിന്റെ കഷ്ടാനുഭവങ്ങളുടെ തുടർച്ചയായിരുന്നതുകൊണ്ട്, അത് വാസ്തവമായും യേശുവിന്റെ സാക്ഷ്യമായിരുന്നു.

## I. സംസാരിക്കുന്നവൻ

### A. ഒന്നാമത്തവനും ഒടുക്കത്തവനും

ഇനി നമുക്ക് സ്മുർന്നയിലുള്ള സഭയോടു സംസാരിക്കുന്നവനെ നോക്കാം. വാക്യം 8-ൽ കർത്താവു പറയുന്നു, "മരിച്ചവനായിത്തീർന്നിട്ട് വീണ്ടും ജീവിച്ച, ഒന്നാമത്തവനും ഒടുക്കത്തവനുമായവൻ അരുളിച്ചെയ്യുന്നു." അവൻ ഒന്നാമത്തവനും ഒടുക്കത്തവനുമാണെന്ന് കഷ്ടംസഹിക്കുന്ന ഈ സഭയോട് കർത്താവു പറഞ്ഞു. അവൻ കടന്നുപോയ കഷ്ടങ്ങൾ എത്ര വലുതായിരുന്നെങ്കിലും, ആ കഷ്ടങ്ങൾക്ക് അവനെ അവസാനിപ്പിക്കുവാനോ നശിപ്പിക്കുവാനോ കഴിഞ്ഞില്ല എന്നാണ് ഇത് അർഥമാക്കുന്നത്. അവൻ ഒന്നാമത്തവനായിരുന്നു, ഒടുവിൽ അവൻ ഒടുക്കത്തവനും ആയിരുന്നു. കഷ്ടം സഹിക്കുന്നതിൽ, കർത്താവാണ് ഒന്നാമത്തവനും ഒടുക്കത്തവനുമെന്ന്, എന്നേക്കും നിലനിൽക്കുന്ന അനന്യൻ എന്ന് സഭ അറിയണം. പരിതസ്ഥിതി എന്തുതന്നെയായാലും അവൻ അങ്ങനെതന്നെ തുടരുന്നു. യാതൊന്നിനും അവനു മുമ്പെ ആയിരിക്കുവാനോ, യാതൊന്നിനും അവനുശേഷം നിലനിൽക്കുവാനോ കഴിയുകയില്ല. സകലവും അവന്റെ നിയന്ത്രണത്തിന്റെ പരിധിക്കുള്ളിലാണ്.

അവൻ ഒന്നാമത്തവനും ഒടുക്കത്തവനുമാണെന്ന് സ്മുർന്നയിലുള്ള സഭയോട് കർത്താവു പറഞ്ഞപ്പോൾ, സഭ വിജയകരമായിരിക്കണമെന്ന് അവൻ സൂചിപ്പിക്കുകയായിരുന്നു. യാതൊരു വിധത്തിലുമുള്ള കഷ്ടത്താലും സഭയ്ക്ക് തടസ്സം ഉണ്ടാകരുത്. സഭയുടെ ജീവനും തലയുമായ കർത്താവ് ഒന്നാമത്തവനും ഒടുക്കത്തവനും ആയതുകൊണ്ട്, സഭ സകല കഷ്ടങ്ങളിലൂടെയും കടന്നുപോകുകയും അന്ത്യത്തിലേക്കു വരികയും വേണം.

### B. മരിച്ചവനായിത്തീരുകയും വീണ്ടും ജീവിക്കുകയും ചെയ്യുവൻ

"മരിച്ചവനായിത്തീർന്നിട്ട് വീണ്ടും ജീവിച്ചവൻ" ആണ് താനെന്നും കർത്താവ് ഈ വാക്യത്തിൽ പറഞ്ഞു. "വീണ്ടും

ജീവിച്ചു" എന്നത് പുനരുത്ഥാനത്തെ കുറിക്കുന്നു. കർത്താവ് മരണം സഹിക്കുകയും വീണ്ടും ജീവിക്കുകയും ചെയ്തു. അവൻ പുനരുത്ഥാനമാകുന്നതുകൊണ്ട് (യോഹ. 11:25) അവൻ മരണത്തിലേക്കു പ്രവേശിച്ചുവെങ്കിലും, മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിഞ്ഞില്ല (പ്രവൃ. 2:24). കഷ്ടം സഹിക്കുന്ന സഭ സകലവിധ കഷ്ടത്തെയും സഹിക്കേണ്ടതിന് അവൻ ഇങ്ങനെയുള്ള ഒരുവനാണെന്നും അവൾ അറിയണം. പീഡനം എത്ര അസഹനീയ മായിരുന്നാലും, സഭ അപ്പോഴും ജീവനുള്ളതായിരിക്കും; കാരണം അവളുടെ ഉള്ളിലുള്ള ക്രിസ്തുവിന്റെ പുനരുത്ഥാനജീവന് മരണത്തെ സഹിക്കുവാൻ കഴിയും. കഷ്ടത്തിനോ ഉപദ്രവത്തിനോ ഏറിയാൽ നമ്മെ കൊല്ലുവാൻ കഴിയുമായിരിക്കും. ഉപദ്രവത്തിൽനിന്നുള്ള മരണത്തെ തുടർന്ന് പുനരുത്ഥാനം ഉണ്ട്. അതുകൊണ്ട്, കഷ്ടം സഹിക്കുന്ന സഭയോട് കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "ഞാൻ മരണത്തോളം ഉപദ്രവിക്കപ്പെട്ടവനാണെന്ന് നിങ്ങൾ മനസ്സിലാക്കണം. എന്നാൽ ആ മരണം അവസാനമാ യിരുന്നില്ല—അത് പുനരുത്ഥാനത്തിലേക്കുള്ള പ്രവേശനകവാടം ആയിരുന്നു. ഞാൻ മരണത്തിലേക്കു പ്രവേശിച്ചപ്പോൾ, ഞാൻ പുനരുത്ഥാനത്തിന്റെ ഉമ്മറപ്പടിയിലേക്കു വന്നു. ഉപദ്രവം നിമിത്തം ഭയപ്പെടുകയോ കൊല്ലപ്പെടുവാനുള്ള സാധ്യതയെച്ചൊല്ലി സംഭ്രാന്തരാകുകയോ അരുത്. നിങ്ങൾ മരണത്തെ സ്വാഗതം ചെയ്യുകയും സന്തോഷമുള്ളവരായിരിക്കുകയും വേണം; കാരണം നിങ്ങൾ ഒരിക്കൽ മരണത്തിലേക്കു കടന്നുപോയാൽ നിങ്ങളും പുനരുത്ഥാനത്തിന്റെ ഉമ്മറപ്പടിയലായിരിക്കും. ഓർക്കുക, ഞാൻ മരിച്ചവനായിത്തീർന്നിട്ട് വീണ്ടും ജീവിച്ചവനാണ്." നമുക്ക് ആവശ്യമുള്ളതെന്തും കർത്താവാണ്. അവന്റെ യോഗ്യതകൾ കൃത്യമായും നമ്മുടെ ആവശ്യത്തോടു യോജിക്കുന്നു. കഷ്ടം സഹിക്കുന്ന സഭയ്ക്ക് കർത്താവ് ഒന്നാമത്തവനും ആരംഭവും മാത്രമല്ല, ഒടുക്കത്തവനും അവസാനവുമാണ്. നിങ്ങൾ ഉപദ്രവത്തിലൂടെ കടന്നുപോകുമ്പോഴെല്ലാം, "ഹല്ലേലൂയ്യാ, ഞാൻ ഒടുക്കത്തിലേക്കും അവസാനത്തിലേക്കും പോകുന്നു. ഞാൻ പുനരുത്ഥാനത്തിന്റെ ഉമ്മറപ്പടിയിലേക്ക് പ്രവേശിക്കാറായി" എന്ന് എഴുന്നേറ്റുനിന്നു പ്രഖ്യാപിക്കണം.

## II. സഭയുടെ കഷ്ടാനുഭവം

### A. കഷ്ടത

വാക്യം 9-ൽ സ്മുർന്നയിലുള്ള സഭയോട് കർത്താവു പറഞ്ഞു, "ഞാൻ നിന്റെ കഷ്ടത അറിയുന്നു." ഈ ലേഖനത്തിന്റെ ഉള്ളടക്കം ഉപദ്രവവും, കഷ്ടതയും, പീഡനവുമല്ലാതെ മറ്റൊന്നുമല്ല. സഭയ്ക്ക് ഉപദ്രവം ജീവന്റെ ഒരു പരീക്ഷയാണ്. ക്രിസ്തുവിന്റെ

പുനരുത്ഥാനജീവനെ സഭ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന അളവ് കഷ്ടതയാൽ മാത്രമേ ശോധന ചെയ്യുവാൻ കഴിയുകയുള്ളൂ. കൂടാതെ, കഷ്ടത ക്രിസ്തുവിന്റെ പുനരുത്ഥാനജീവന്റെ സമ്പന്നതയെയും കൊണ്ടുവരുന്നു. സഭ ഉപദ്രവം സഹിക്കുവാൻ അനുവദിക്കുന്നതിലുള്ള കർത്താവിന്റെ ഉദ്ദേശ്യം, അവന്റെ പുനരുത്ഥാന ജീവൻ മരണത്തെ ജയിക്കുന്നു എന്നു സാക്ഷ്യപ്പെടുത്തുന്നതിനു മാത്രമല്ല, പിന്നെയോ അവന്റെ ജീവന്റെ സമ്പന്നതയിലേക്കുള്ള പ്രവേശനത്തിന് സഭയെ പ്രാപ്ത യാക്കുന്നതിനുംകൂടിയാണ്. ഇക്കാരണത്താൽ, കഷ്ടത സഭയ്ക്ക് വിലയേറിയതാണ്.

## B. ദാരിദ്ര്യം (ധനവാനാകുന്നുതാനും)

കർത്താവു പറഞ്ഞു, "ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും അറിയുന്നു, നീ ധനവാനാകുന്നുതാനും." കഷ്ടംസഹിക്കുന്ന ഈ സഭയെ കർത്താവ് വിലയിരുത്തി. കഷ്ടംസഹിക്കുന്ന സഭ ഭൗതിക കാര്യങ്ങളിൽ ദരിദ്രയായിരുന്നു, എന്നാൽ അവന്റെ ജീവന്റെ സമ്പന്നതയോടുകൂടെ കർത്താവിൽ സമ്പന്നയായിരുന്നു. അങ്ങനെ, "നീ കഷ്ടതയും ദാരിദ്ര്യവും സഹിക്കുന്നു, എങ്കിലും നീ സമ്പന്നയാണ്. നീ ഭൗതികമായി ദരിദ്രയാണെങ്കിലും ആത്മികമായി സമ്പന്നയാണ്. ഭൗമിക കാര്യങ്ങളിൽ നീ ദരിദ്രയാണെങ്കിലും സ്വർഗീയ കാര്യങ്ങളിൽ നീ സമ്പന്നയാണ്" എന്ന് കർത്താവു പറയുന്നതായി തോന്നുന്നു. ഉപദ്രവം സഹിക്കുന്നത് ക്രിസ്തുവിന്റെ സമ്പത്തിലേക്ക് നമ്മെ കൊണ്ടുവരുന്നതിനുള്ള മുഖാന്തരമാണ്. നാം ഉപദ്രവിക്കപ്പെടുകയും ദാരിദ്ര്യം സഹിക്കുകയും ചെയ്യുന്തോറും, ക്രിസ്തുവിൽ ധനവാന്മാരായിരിക്കും.

## C. സാത്താന്റെ സിനഗോഗിലെ അവിശ്വാസികളായ യെഹൂദന്മാരുടെ ദൂഷണം

വാക്യം 9-ൽ "തങ്ങളെത്തന്നെ യെഹൂദർ എന്നു വിളിക്കുകയും, യെഹൂദരല്ല, സാത്താന്റെ സിനഗോഗായവരിൽ നിന്നുള്ള ദൂഷണവും ഞാൻ അറിയുന്നു" എന്നും കർത്താവു പറഞ്ഞു. ഈ ലേഖനം അനുസരിച്ച്, പീഡനം വന്നത് മതത്തിൽനിന്ന്, സാത്താന്റെ സിനഗോഗിലെ അവിശ്വാസികളായ യെഹൂദന്മാരിൽനിന്ന് ആയിരുന്നു. കഷ്ടംസഹിക്കുന്ന സഭയോടുള്ള യെഹൂദ മതാനുസാരികളുടെ ദൂഷണം അവളെക്കുറിച്ചുള്ള അവരുടെ ദുഷിച്ച വിമർശനമായിരുന്നു. യെഹൂദ മതാനുസാരികൾ ജഡത്തിൽ യെഹൂദന്മാരായിരുന്നെ ങ്കിലും, ആത്മാവിൽ യെഹൂദന്മാരായിരുന്നില്ല (റോമ. 2:28-29). ജഡത്തിൽ മാത്രം അബ്രാഹാമിന്റെ സന്തതിയായിരിക്കുന്നത് അവരെ യഥാർഥ യെഹൂദന്മാരായി സംരചിച്ചില്ല. "ജഡത്താലുള്ള

മക്കളല്ല ദൈവത്തിന്റെ മക്കൾ" (റോമ. 9:7-8). അതുകൊണ്ട്, "തങ്ങൾ യെഹൂദന്മാർ എന്നു പറയുന്നുവെങ്കിലും യെഹൂദന്മാരല്ല" എന്ന് കർത്താവു പറഞ്ഞു. ഈ യെഹൂദ മതാനുസാരികൾ ലേവ്യ പൗരോഹിത്യവും, യാഗപരമായ ചടങ്ങുകളും, ഭൗതികമായ ആലയവും അടങ്ങുന്ന അവരുടെ യെഹൂദമതത്തിന്റെ വ്യവസ്ഥിതിയെ കാത്തുകൊള്ളുന്നതിൽ പിടിവാശിയോടെ ശഠിക്കുന്നവരായിരുന്നു; അവയെല്ലാം ക്രിസ്തുവിനാൽ ഇപ്പോൾ നിറവേറ്റപ്പെട്ടതും പകരംവയ്ക്കപ്പെട്ടതുമായ മുൻകുറികളായിരുന്നു. ദൈവത്തിന്റെ വ്യവസ്ഥയിലെ പുതിയ ഉടമ്പടിയിൻകീഴിലുള്ള സഭയ്ക്ക് അവരുടെ മതപരമായ അനുഷ്ഠാനത്തിൽ യാതൊരു പങ്കും ഇല്ലാത്തതുകൊണ്ട്, യെഹൂദ മതാനുസാരികൾ അവളെ ദൂഷണപരമായി വിമർശിച്ചു. തത്ത്വത്തിൽ ഇന്നും ഇതുപോലെയാണ്, കർത്താവിനെ അന്വേഷിക്കുകയും ആത്മാവിലും ജീവനിലും അവനെ അനുഗമിക്കുകയും, എന്നാൽ യാതൊരു മതപരമായ വ്യവസ്ഥിതിയെയോ അനുഷ്ഠാനത്തെയോ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള സഭകളെ മതപരമായ ആളുകൾ ദുഷിക്കുന്നു.

യെഹൂദരല്ലാതിരിക്കെ തങ്ങൾ യെഹൂദന്മാർ എന്നു വിളിക്കുന്നവർ "സാത്താന്റെ സിനഗോഗ്" ആണെന്ന് കർത്താവു പറഞ്ഞു. *സാത്താന്റെ സിനഗോഗ്* എന്ന പ്രയോഗം ഭയാനകമായ ഒരു പ്രയോഗമാണ്. മുഖ്യമായും അവരുടെ തിരുവെഴുത്തുകൾ, പഴയനിയമം, പഠിക്കുന്നതിലൂടെ യെഹൂദന്മാർ ദൈവത്തെ ആരാധിക്കുന്ന ഒരു സ്ഥലമാണ് സിനഗോഗ്. എന്നാൽ, അവരുടെ പരമ്പരാഗതവും, മതപരവുമായ ധാരണകൾ മുറുകെ പിടിക്കുന്നതിലുള്ള അവരുടെ ശാഠ്യം നിമിത്തം അവർ ദൈവത്തിന്റെ ഉദ്ദേശ്യം നിവർത്തിക്കുന്നതിനുള്ള അവന്റെ ജീവന്റെ മാർഗത്തെ എതിർക്കുന്നതിൽ സാത്താനുമായി ഒന്നായിത്തീർന്നു. സിനഗോഗ് സാത്താന്റെ കൗശലപൂർണവും കപടോപായപരവുമായ കരത്തിൻകീഴിലായിരുന്നു, കാരണം അവൻ ആ സമയത്ത് സിനഗോഗുകളുടെ പിന്നിലുള്ള ശക്തിയായിരുന്നു. സിനഗോഗുകൾ കർത്താവായ യേശുവിനെയും (മത്താ. 12:9-14; ലൂക്കൊ. 4:28-29; യോഹ. 9:22), അപ്പൊസ്തലന്മാരെയും (പ്രവൃ. 6:9; 13:43, 45-46, 50; 14:1-2, 19; 17:1, 5-6), സഭകളെയും (വെളി. 3:9) ഉപദ്രവിച്ചു. അതുകൊണ്ട്, അവരെ "സാത്താന്റെ സിനഗോഗ്" എന്ന് കർത്താവു വിളിച്ചു. അവൻ ഭൂമിയിലായിരുന്നപ്പോൾ പോലും മത്തായി 12:25-29-ലും യോഹന്നാൻ 8:44-ലും വിവക്ഷിക്കുന്നതുപോലെ സിനഗോഗുകൾ സാത്താന്റേതാണെന്ന് അവൻ കണക്കാക്കി. പ്രത്യക്ഷത്തിൽ അവർ ദൈവത്തെ ആരാധിക്കുകയായിരുന്നെങ്കിലും, വാസ്തവത്തിൽ അവർ ദൈവത്തെ എതിർക്കുകയായിരുന്നു. ദൈവത്തിന്റെ സത്യാരാധകരെ അവർ

പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുമ്പോഴും അവർ ദൈവത്തിന് സേവനം അർപ്പിക്കുന്നു എന്നു ചിന്തിക്കുകയായിരുന്നു (യോഹ. 16:2). കർത്താവ് ഭൂമിയിലായിരുന്നപ്പോൾ, അവനെ കല്ലെറിഞ്ഞു കൊല്ലാനുള്ള അധികാരം ആ സമയം യെഹൂദന്മാർക്ക് ഇല്ലാതിരുന്നതുകൊണ്ട്, അവനോട് നേരിട്ട് ഇടപെടുവാൻ അവർക്കു കഴിഞ്ഞില്ല. പകരം, അവനെ മരണത്തിനു വിധിക്കുവാനും അവനെ ക്രൂശിക്കുവാനും അവർ റോമാഭരണകൂടത്തെ ഉപയോഗിച്ചു. അതേ തത്ത്വത്തിൽ, കഷ്ടംസഹിക്കുന്ന സഭയെ പീഡിപ്പിക്കുന്നതിന് യെഹൂദന്മാരുടെ സിനഗോഗുകൾ റോമാഭരണകൂടത്തെ ഉത്തേജിപ്പിച്ചു. അന്നുമുതലുള്ള സകല നൂറ്റാണ്ടുകളിലും കർത്താവിനെ ആത്മാവിലും ജീവനിലും യഥാർഥമായി അന്വേഷിക്കുകയും അനുഗമിക്കുകയും ചെയ്യുന്നവരെ പീഡിപ്പിച്ചുകൊണ്ട് മതപരമായ ആളുകൾ അവരുടെ ചുവടുകളെ പിൻതുടരുന്നു; അപ്പോഴും അവർ ദൈവത്തിന്റെ താല്പര്യത്തെ പ്രതിരോധിക്കുന്നവരാണെന്ന് തങ്ങളെത്തന്നെ പരിഗണിക്കുന്നു. മതം സഭയെ നശിപ്പിക്കുവാൻ എപ്പോഴും രാഷ്ട്രീയത്തെ ഉപയോഗിക്കുന്നു. മതത്തിന് കർത്താവിന്റെ പ്രിയമാർക്ക് ശാരീരികനാശം വരുത്തുവാൻ അധികാരമില്ലെങ്കിലും, അത് സഭയെ നശിപ്പിക്കുവാൻ രാഷ്ട്രീയത്തെയും ഭരണകൂടത്തെയും ഉപയോഗിക്കുന്നു. റോമൻ കത്തോലിക്കാമതവും പ്രൊട്ടസ്റ്റാന്റുമതവും, ഒപ്പം യെഹൂദമതവുമെല്ലാം, ദൈവത്തിന്റെ വ്യവസ്ഥയെ നശിപ്പിക്കുവാനുള്ള സാത്താന്റെ ഉപകരണമായി അവന്റെ സംഘടനയായിത്തീർന്നുകൊണ്ട്, ഈ ഗണത്തിൽപ്പെടുന്നു.

## D. പിശാചിനാൽ തടവിലാക്കപ്പെടുന്നു

വാക്യം 10-ൽ കർത്താവു പറയുന്നു, "നീ സഹിക്കുവാൻ പോകുന്ന കാര്യങ്ങളെ ഭയപ്പെടരുത്. ഇതാ, നിങ്ങളെ ശോധന ചെയ്യേണ്ടതിന് നിങ്ങളിൽ ചിലരെ പിശാച് കാരാഗൃഹത്തിലേക്ക് എറിയുവാൻ പോകുന്നു." വാക്യം 9-ൽ സാത്താനെന്നും വാക്യം 10-ൽ പിശാചെന്നും പറഞ്ഞിരിക്കുന്നു. സാത്താന് യവനഭാഷയിൽ എതിരാളി എന്നാണർഥം. അവൻ പുറമെനിന്നുള്ള ദൈവത്തിന്റെ ശത്രു മാത്രമല്ല, ഉള്ളിൽനിന്നുള്ള ദൈവത്തിന്റെ എതിരാളിയും ആണ്. *ഡയാബോളോസ്* എന്ന യവനപദത്തെ "കുറ്റംചുമത്തുന്നവൻ," "ദൂഷകൻ" എന്നീ അർഥങ്ങളുള്ള *പിശാച്* എന്നു വിവർത്തനം ചെയ്തിരിക്കുന്നു (12:9-10). ദൈവത്തിന്റെ എതിരാളിയെന്ന, സാത്താനായ പിശാച് ദൈവമുമ്പാകെ നമ്മെ കുറ്റംചുമത്തുകയും, മനുഷ്യരുടെ മുമ്പാകെ നമ്മെ ദുഷിക്കുകയും ചെയ്യുന്നു. സഭ സഹിച്ച പീഡനം എതിരാളിയായ സാത്താനാൽ ദുഷ്പ്രേരിപ്പിക്കപ്പെട്ട യെഹൂദന്മാരുടെ മതപരമായ സിനഗോഗിൽനിന്ന് ആരംഭിച്ചു. അത് വിശുദ്ധന്മാരെ

തടവിലിടുന്നതിന് ദൂഷകനായ പിശാചിനാൽ ഉപയോഗിക്കപ്പെട്ട റോമാഭരണകൂടത്താൽ പരിണതമാക്കപ്പെട്ടു. കഷ്ടംസഹിക്കുന്ന സഭ തടവിലാക്കപ്പെട്ടത് സാത്താന്യ മതവുമായുള്ള പൈശാചിക രാഷ്ട്രീയത്തിന്റെ സഹകരണമായിരുന്നു.

### E. ഉപദ്രവം പൂർണ്ണമെങ്കിലും ഹ്രസ്വമായത്

വാക്യം 10-ൽ പത്തു ദിവസം അവർക്ക് ഉപദ്രവം ഉണ്ടാകുമെന്നും കർത്താവു പറഞ്ഞു. ദൈവത്തിന്റെ ആവശ്യകതയെ പൂർണ്ണതയിൽ ആവിഷ്ക്കരിക്കുന്ന പത്തു കല്പനകൾ പോലെയും, പത്തു ഭാഗങ്ങൾ പൂർണ്ണ വഴിപാടിനെ സംരചിക്കുന്നു എന്നു കാണിക്കുന്ന വഴിപാടുകളുടെ ദശാംശം പോലെയും, പൂർണ്ണതയ്ക്കു വേണ്ടിയുള്ള സംഖ്യയാണ് പത്ത്. വേദപുസ്തകത്തിൽ പത്തു ദിവസം, പൂർണ്ണമെങ്കിലും ഹ്രസ്വമായ കാലയളവിനെ സൂചിപ്പിക്കുന്നു (ഉല്പ. 24:55; യിരെ. 42:7; ദാനി. 1:12-13). ഇക്കാരണത്താൽ, കഷ്ടംസഹിക്കുന്ന സഭയുടെ ഉപദ്രവം പൂർണ്ണമായിരുന്നെങ്കിലും ഹ്രസ്വമായതാണെന്ന് ഇതു സൂചിപ്പിക്കുന്നു. പീഡനം എത്ര നീണ്ടതാണെന്നു നമുക്കു തോന്നിയാലും, ദൈവത്തിന്റെ കണ്ണുകളിൽ അത് ഹ്രസ്വമാണ്. അത് ആയിരം ദിവസമോ നൂറു ദിവസമോ അല്ല, വെറും പത്തു ദിവസമാണ്. കർത്താവിന് സ്തുതി! ഈ കഷ്ടം ഒരു താൽക്കാലിക കഷ്ടം മാത്രമാണ്.

ഒരു അടയാളമെന്ന നിലയിൽ, ഈ പത്തു ദിവസങ്ങൾ ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ നീറോ എന്ന കൈസരോടുകൂടെ ആരംഭിച്ച് നാലാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തിൽ മഹാനായ കുസ്തന്തിനൊസോടുകൂടെ അവസാനിക്കുന്ന റോമാ ചക്രവർത്തിമാരുടെ കീഴിൽ സഭ അനുഭവിച്ച പീഡനത്തിന്റെ പത്തു കാലയളവുകളെ പ്രവചനാത്മകമായി സൂചിപ്പിക്കുന്നു. സഭയെ നശിപ്പിക്കുവാനും ഉന്മൂലനംചെയ്യുവാനും തങ്ങളാലാവോളം പ്രവർത്തിച്ച റോമൻ കൈസർമാരിലൂടെ സാത്താനെന്ന പിശാചിനാൽ ദുഷ്പ്രേരിതമായ പീഡനങ്ങൾ എത്ര അസഹനീയമാണെങ്കിലും, അവളെ കീഴ്പെടുത്തുവാനും അവസാനിപ്പിക്കുവാനും അവയ്ക്ക് പ്രാപ്തിയില്ലായിരുന്നു. "മരിച്ചവനായിത്തീർന്നിട്ട് വീണ്ടും ജീവിച്ച്" ജീവിക്കുന്ന ക്രിസ്തുവിന്റെ സഭ അനശ്വരമായ പുനരുത്ഥാന ജീവനാൽ പീഡനങ്ങളെ വിജയകരമായി പ്രതിരോധിക്കുകയും അഭിവൃദ്ധിയോടെ പെരുകുകയും ചെയ്തു.

## III. പുനരുത്ഥാന ജീവൻ—മരണത്തോളം സഹിക്കുവാൻ കഴിയുന്നത്

"മരണത്തോളം വിശ്വസ്തനായിരിക്കുക, ഞാൻ ജീവകിരീടം നിനക്കു തരും" എന്നും വാക്യം 10-ൽ കർത്താവു പറഞ്ഞു.

ഈ ലേഖനത്തിൽ പുനരുത്ഥാന ജീവൻ സഭയിലാണെന്നതിന് ചില സൂചനകൾ നാം കാണുന്നു. അവൻ മരിച്ചവനായിത്തീരുകയും വീണ്ടും ജീവിക്കുകയും ചെയ്തു എന്നു പറഞ്ഞുകൊണ്ട് വാക്യം 8-ൽ കർത്താവ് തന്റെ യോഗ്യതകൾ വെളിപ്പെടുത്തിയപ്പോൾ, അവന്റെ പുനരുത്ഥാനജീവൻ സഭയിലാണെന്ന് അവൻ സൂചിപ്പിക്കുകയായിരുന്നു. "പുനരുത്ഥാനമായ ഞാൻ നിങ്ങളിൽ ജീവിക്കുന്നു. നിങ്ങളിൽ പുനരുത്ഥാനജീവൻ ഉള്ളതുകൊണ്ട്, നിങ്ങൾക്ക് പരാജയപ്പെടുവാനുള്ള കാരണമോ ഒഴിവുകഴിവോ ഇല്ല. നിങ്ങൾ പീഡനത്താൽ തോല്പിക്കപ്പെടേണ്ടതില്ല. മറിച്ച്, നിങ്ങൾ എന്റെ പുനരുത്ഥാനജീവനാൽ വിജയകരമായി ഈ പീഡനത്തെ സഹിക്കണം" എന്ന് കർത്താവു പറഞ്ഞതായി തോന്നുന്നു. ഈ പുനരുത്ഥാനജീവൻമൂലം മരണത്തോളം ഉപദ്രവം സഹിക്കുവാൻ സഭ പ്രാപ്തയാണ്. സഭ എപ്പോഴും ആശ്ചര്യകരവും വിജയകരവും മഹത്വകരവുമായ രക്തസാക്ഷിയായിരിക്കുവാൻ യോഗ്യതയുള്ളവളാണ്. നമ്മുടെ ഉള്ളിൽ പുനരുത്ഥാനജീവൻ ഉള്ളതുകൊണ്ട്, നമുക്ക് എല്ലാവർക്കും വിജയികളായ രക്തസാക്ഷികളായിരിക്കുവാനുള്ള യോഗ്യതയുണ്ട്.

## IV. ആത്മാവിന്റെ സംസാരം

കഷ്ടംസഹിക്കുന്ന സഭയോടുള്ള ഈ ലേഖനത്തിലെ കർത്താവിന്റെ വചനങ്ങൾപോലും സകല സഭകളോടുമുള്ള ആത്മാവിന്റെ സംസാരമാണ്. എല്ലാ സഭകളും അതേ കഷ്ടം അനുഭവമാക്കാമെന്ന് ഇതു സൂചിപ്പിക്കുന്നു. വാസ്തവത്തിൽ, എല്ലാ സഭകളിലും ഒരേ തരത്തിലുള്ള പീഡനത്തിലൂടെ കടന്നുപോയ ചില വിശുദ്ധന്മാർ ഉണ്ടായിട്ടുണ്ട്. കഷ്ടംസഹിക്കുന്ന ഈ സഭയോടുള്ള ആത്മാവിന്റെ സംസാരത്തെ അവരെല്ലാവരും ശ്രവിക്കണമായിരുന്നു. വീണ്ടും വീണ്ടുമുള്ള ആത്മാവിന്റെ സംസാരത്തിലൂടെ ഈ ലേഖനത്തിലെ കർത്താവിന്റെ വാക്ക് തലമുറകളിലൂടനീളം കർത്താവിനുവേണ്ടി പീഡനം സഹിച്ച സകല വിശുദ്ധന്മാർക്കും വേണ്ടിയുള്ളതാണ്.

## V. ജയാളിക്കുള്ള വാഗ്ദത്തം

### A. ജീവകിരീടം

വാക്യം 10-ൽ ജയാളിക്കുള്ള ജീവകിരീടം എന്ന വാഗ്ദത്തം നാം കാണുന്നു. ഒടുവിൽ, ജീവൻ ഒരു കിരീടമായിത്തീരും. ഇത് വിജയികളായ രക്തസാക്ഷികളുടെ മഹത്വമായിരിക്കും. പുതിയനിയമ പ്രയോഗത്തിൽ കിരീടം എപ്പോഴും രക്ഷയ്ക്കുപുറമെയുള്ള ഒരു സമ്മാനത്തെ കുറിക്കുന്നു (3:11; യാക്കോ. 1:12; 2 തിമൊ. 4:8; 1 പത്രൊ. 5:4; 1 കൊരി. 9:25). പീഡനത്തെ

ജയിക്കുന്നതിൽ മരണത്തോളം വിശ്വസ്തരായിരിക്കുന്നവർക്കുള്ള ഒരു സമ്മാനമായ ജീവകിരീടം പുനരുത്ഥാന ജീവന്റെ ശക്തിയായ ജയിക്കുന്ന ബലത്തെ സൂചിപ്പിക്കുന്നു (ഫിലി. 3:10): ഈ ജയാളികൾ "മരിച്ചവരിൽനിന്നുള്ള വിശേഷ പുനരുത്ഥാനം," അതായത്, വിശിഷ്ടമായ പുനരുത്ഥാനം (ഫിലി. 3:11, യവനഭാഷ) നേടിയിരിക്കുന്നു എന്നും ഇതു സൂചിപ്പിക്കുന്നു.

## B. രണ്ടാം മരണത്തിന്റെ ദോഷമില്ല

"ജയിക്കുന്നവന് ഒരുവിധത്തിലും രണ്ടാം മരണത്താൽ ദോഷം വരികയില്ല" എന്ന് വാക്യം 11-ൽ കർത്താവു പറയുന്നു. ഈ ലേഖനത്തിൽ ജയിക്കുകയെന്നാൽ മരണത്തോളം വിശ്വസ്തനായിരുന്ന് പീഡനത്തെ ജയിക്കുന്നതാണ്. ഈ ലേഖനത്തിൽ ജയാളിക്കുള്ള വാഗ്ദത്തത്തിൽ ജീവകിരീടം പ്രാപിക്കും എന്ന അനുലോമവശവും, രണ്ടാം മരണത്താൽ ദോഷം വരികയില്ല എന്ന പ്രതിലോമവശവും ഉണ്ട്.

വേദപുസ്തകം വ്യാഖ്യാനിക്കുന്നവർക്ക് വാക്യം 11 ഒരു വലിയ പ്രശ്നമായിരിക്കുന്നു. വീഴ്ചനിമിത്തവും പാപം കടന്നു വന്നതിനാലും, എല്ലാ മനുഷ്യരും ഒരിക്കൽ മരിക്കണം (എബ്രാ. 9:27). എന്നാൽ, ഈ ഒന്നാം മരണം അന്തിമമായ തീർപ്പല്ല. കർത്താവിലുള്ള വിശ്വാസത്തിലൂടെ ജീവപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളവരൊഴികെ, മരിച്ച എല്ലാവരെയും ഉയിർപ്പിക്കുകയും, അവർ സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ, അതായത്, പഴയ ആകാശത്തിന്റെയും പഴയ ഭൂമിയുടെയും പരിസമാപ്തിയിൽ, വലിയ വെള്ളസിംഹാസനത്തിലെ ന്യായവിധിയിലൂടെ കടന്നുപോകുകയും ചെയ്യും. ഈ ന്യായവിധിയുടെ ഫലമായി, അവരെ തീപ്പൊയ്കയിലേക്ക് തള്ളിയിടും: അതാണ് അന്തിമ തീർപ്പായ രണ്ടാം മരണം (വെളി. 20:11-15). രണ്ടാം മരണം എന്നത് മനുഷ്യന്റെ മരണത്തിനും പുനരുത്ഥാനത്തിനും ശേഷം മനുഷ്യനോടുള്ള ദൈവത്തിന്റെ ഇടപെടലാണ്. പീഡനത്തിൻകീഴിൽ മരണത്തോളമുള്ള അവരുടെ വിശ്വസ്തതയിലൂടെ ജയാളികൾ മരണത്തെ ജയിച്ചതിനാലും, അവരുടെ പുനരുത്ഥാനത്തിനുശേഷം ദൈവം പിന്നെയും ഇടപെടുവാൻ യാതൊന്നും അവരിൽ അവശേഷിക്കാത്ത തിനാലും, അവർ ജീവകിരീടം പ്രതിഫലമായി പ്രാപിക്കുകയും പുനരുത്ഥാനത്തിനു ശേഷമുള്ള രണ്ടാം മരണം എന്ന മരണം അവരെ തൊടുകയോ ആ മരണത്താൽ അവർക്ക് മേലാൽ "ദോഷം" വരികയോ ചെയ്യുകയില്ല.

മിക്കവാറും എല്ലാ ക്രിസ്തീയ ഉപദേഷ്ടാക്കന്മാർക്കും ഇവിടെ ഒരു പ്രശ്നമുണ്ട്. വിശ്വാസികൾ ഉയിർപ്പിക്കപ്പെട്ടശേഷം അവരിൽനിന്നും തുടർന്ന് യാതൊരു തീർപ്പും ആവശ്യമില്ല എന്ന് അവർ ചിന്തിക്കുന്നു. ഞാൻ നിങ്ങളോട് ഈ ചോദ്യം ചോദിക്കട്ടെ: നിങ്ങൾ

ഇന്നു മരിക്കുന്നുവെങ്കിൽ, കർത്താവിന്റെ തുടർന്നുള്ള ഇടപെടൽ ആവശ്യമായ യാതൊന്നും നിങ്ങൾക്കില്ല എന്നു പറയുവാൻ നിങ്ങൾക്കു കഴിയുമോ? മിക്കവാറും നിങ്ങൾക്കിതു പറയുവാൻ കഴിയുകയില്ല. നിങ്ങൾ ഇന്നു മരിച്ചുവെങ്കിൽ കർത്താവിന്റെ തുടർന്നുള്ള ഇടപെടൽ ആവശ്യമായ ചിലത് നിങ്ങൾക്ക് അപ്പോഴും ഉണ്ടെന്ന് ഇത് അർഥമാക്കുന്നു. നിങ്ങൾ നഷ്ടപ്പെട്ടുപോകും എന്ന് ഇതിന് അർഥമില്ല. എന്നിരുന്നാലും, തുടർന്നുള്ള ഈ ഇടപെടൽ അനുലോമപരമായ ഒന്നല്ല; അത് തീർച്ചയായും പ്രതിലോമപരമായിരിക്കും. പ്രതിലോമപരമായ ഓരോ കാര്യവും മരണത്തിൽനിന്നു വരുന്നു. അങ്ങനെ, നിങ്ങൾക്ക് തുടർന്നുള്ള പ്രതിലോമപരമായ ഒരു ഇടപെടൽ ആവശ്യമാണെങ്കിൽ, അതിനർഥം നിങ്ങൾ അപ്പോഴും മരണത്താൽ സ്പർശിക്കപ്പെടുവാൻ സാധിക്കും എന്നാണ്. നിങ്ങൾ നശിച്ചുപോകും എന്ന് ഇത് അർഥമാക്കുന്നില്ല, എന്നാൽ നിങ്ങൾ ചിലത് സഹിക്കും എന്ന് ഇതു സൂചിപ്പിക്കുന്നു. നാം കർത്താവിന്റെ വചനം കേൾക്കണം. നാം പീഡനത്തെ ജയിക്കുന്നുവെങ്കിൽ, അനുലോമവശത്ത്, നാം ജീവകിരീടം പ്രാപിക്കുകയും, പ്രതിലോമവശത്ത് രണ്ടാം മരണത്താൽ നമുക്കു ദോഷം വരാതിരിക്കുകയും ചെയ്യും.

നാം എല്ലാവരും ജയാളികളായിരിക്കണം. ഈ യുഗത്തിൽ നിങ്ങൾ ഒരു ജയാളിയല്ലെങ്കിൽ, അടുത്ത യുഗത്തിൽ രണ്ടാം മരണത്താൽ നിങ്ങൾക്ക് ദോഷം വരും. രണ്ടാം മരണത്താൽ ദോഷം വരികയെന്നാൽ എന്താണ് അർഥമാക്കുന്നതെന്ന് വ്യക്തമായി പറയുവാൻ ഏതൊരുവനും പ്രയാസമാണ്. എന്നിരുന്നാലും, ഒരു കാര്യം വ്യക്തമാണ്: നിങ്ങൾ പീഡനത്തെ ജയിക്കുന്നില്ലെങ്കിൽ, ചിലത് നിങ്ങൾക്ക് ദോഷം വരുത്തും. നിങ്ങൾ നഷ്ടപ്പെട്ടുപോകുമെന്ന്, നിങ്ങൾ നിത്യനാശം അനുഭവിക്കുമെന്ന്, ഇതിനർഥമില്ലെന്ന് ഞാൻ പിന്നെയും പറയുന്നു. രക്ഷിക്കപ്പെട്ട ഓരോരുത്തനും നിത്യതയോളം രക്ഷിക്കപ്പെട്ടിരിക്കുന്നു. രക്ഷിക്കപ്പെട്ട ഒരുവന് ഒരിക്കലും വീണ്ടും നശിക്കുവാൻ കഴിയുകയില്ലെന്ന് യോഹന്നാൻ 10:28-29 പറയുന്നു. എന്നാൽ, നാം ഉയിർത്തെഴുന്നേറ്റതിനുശേഷം, കർത്താവിൽനിന്നും ചില ഇടപെടൽ സഹിച്ചേക്കാം. നിങ്ങൾ ഉയിർത്തെഴുന്നേറ്റശേഷം സകലവും ശരിയായിക്കൊള്ളും എന്നു പഠിപ്പിക്കുന്ന പരമ്പരാഗത ദൈവശാസ്ത്രത്തെ മുറുകെ പിടിക്കരുത്. അവിശ്വാസികൾ ഉയിർത്തെഴുന്നേറ്റതിനുശേഷം അവരുടെ നിത്യമായ ദൈവകല്പിതത്തെ സംബന്ധിച്ച് ദൈവം അവരോട് ഇടപെടും. അതേ തത്ത്വത്തിൽ, നമ്മുടെ പുനരുത്ഥാനത്തിനുശേഷം, കർത്താവിൽനിന്നും ഇനിയും ചില ഇടപെടലുകൾ ഉണ്ടായിരിക്കും. അതെല്ലാം ഇന്ന് നാം എങ്ങനെ ജീവിക്കുകയും നടക്കുകയും ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ജയിക്കുന്ന രീതിയിൽ നാം ജീവിക്കുകയും നടക്കുകയും ചെയ്യുന്നുവെങ്കിൽ,

നാം മരണത്തെ ജയിച്ചിരിക്കുന്നുവെന്നും, കർത്താവിൽനിന്നും ഇനിയൊരു ഇടപെടലിന്റെ ആവശ്യം അവശേഷിക്കുന്നില്ല എന്നും അതു സൂചിപ്പിക്കും.

നാം കർത്താവിന്റെ വ്യക്തമായ വചനം സ്വീകരിക്കണം. നിങ്ങൾ രക്ഷിക്കപ്പെട്ടതിനുശേഷം പരാജയപ്പെട്ടാൽ വീണ്ടും നഷ്ടപ്പെട്ടുപോകുമെന്നും നശിക്കുമെന്നും പറയുന്ന ഉപദേശത്തെ സ്വീകരിക്കരുത്. ഇതു സത്യമല്ല. എന്നാൽ ഇങ്ങേയറ്റത്ത് നിങ്ങൾ രക്ഷിക്കപ്പെട്ടതിനുശേഷം കർത്താവുമായി യാതൊരു പ്രശ്നവും ഉണ്ടായിരിക്കുവാൻ കഴിയില്ല എന്നു പറയുന്ന ഉപദേശവും ഉണ്ട്. എന്നാൽ, നിത്യമായി രക്ഷിക്കപ്പെട്ട ഒരു വ്യക്തിയോട് കർത്താവിന് ഇനിയും ഇടപെടേണ്ട ആവശ്യമുണ്ടായിരിക്കാം. ഇതാണ് സമ്പൂർണ്ണ സുവിശേഷം. സമ്പൂർണ്ണ സുവിശേഷം പുതിയനിയമം മുഴുവനുമാണ്, യോഹന്നാൻ 3:16 മാത്രമല്ല. ഇവിടെ വെളിപ്പാട് 2:11-ൽ നാം സകല പീഡനങ്ങളെയും ജയിക്കണം എന്നു പറയുന്ന ഒരു സമ്പൂർണ്ണ സുവിശേഷത്തിന്റെ ഒരു ഭാഗമുണ്ട്. നിങ്ങൾ ജയിക്കുന്നില്ലെങ്കിൽ, ജീവകിരീടം പ്രാപിക്കുകയില്ല; പകരം രണ്ടാം മരണത്താൽ നിങ്ങൾക്ക് ദോഷം വരും. നിങ്ങളുടെ ഉള്ളിലുള്ള പുനരുത്ഥാന ജീവനാൽ നിങ്ങൾ പീഡനത്തെയും ഉപദ്രവത്തെയും ജയിക്കുന്നുവെങ്കിൽ, അനുലോമപരമായി നിങ്ങൾ ജീവകിരീടം പ്രാപിക്കുകയും, പ്രതിലോമപരമായി രണ്ടാം മരണം നിങ്ങളെ സ്പർശിക്കാതിരിക്കുകയും ചെയ്യും. ഇത് കർത്താവിന്റെ സ്പഷ്ടമായ വചനത്തിതോടുകൂടിയ അവന്റെ വ്യക്തമായ വാഗ്ദത്തമാണ്, നാം എല്ലാവരും അതു സ്വീകരിക്കണം. നമുക്ക് അത് മനസ്സിലായാലും ഇല്ലെങ്കിലും, നാം എല്ലാവരും കർത്താവിന്റെ വചനത്തെ അംഗീകരിക്കണം. നിങ്ങൾ യോഹന്നാൻ 3:16 വിശ്വസിക്കുന്നുവെങ്കിൽ, വെളിപ്പാട് 2:11-ഉം വിശ്വസിക്കണം. രണ്ടും കർത്താവിന്റെ വചനമാണ്. ഇതാണ് സമ്പൂർണ്ണ സുവിശേഷമെന്നു ഞാൻ പിന്നെയും പറയുന്നു.

ഈ വിഷയം വളരെക്കാലം മറച്ചുവയ്ക്കപ്പെട്ടിരുന്നു: കുറച്ചു ക്രിസ്ത്യാനികൾ മാത്രമേ അതിനെ സ്പർശിക്കുവാൻ ധൈര്യപ്പെടുന്നുള്ളൂ. ഇതു മനസ്സിലാക്കുവാൻ അവർക്ക് പ്രാപ്തിയില്ലാത്തതിനാൽ, എപ്പോഴും അതിനെ തിരസ്കരിക്കുകയും അതിനെ അവഗണിക്കുകയും ചെയ്യുന്നതായിരുന്നു അവരുടെ ശീലം. എന്നാൽ കർത്താവ് ഒരിക്കലും അവന്റെ വചനത്തെ അവഗണിക്കുകയില്ല. അവൻ പറയുന്നതെന്തിനോടുംകൂടെ അവൻ അവസാനംവരെ തുടരും. അതുകൊണ്ട്, നാം ജീവകിരീടം പ്രാപിക്കേണ്ടതിനും രണ്ടാം മരണത്താൽ ദോഷം വരിതിരിക്കേണ്ടതിനും, നാം ഉപദ്രവത്തെയും കഷ്ടത്തെയും പീഡനത്തെയും ജയിക്കണമെന്ന മുന്നറിയിപ്പ് ലഭിച്ചവരായിരിക്കുക. ഈ രീതിയിൽ നാം ജയിക്കുന്നുവെങ്കിൽ, ഭാവിയിൽ കർത്താവിന്റെ തുടർന്നുള്ള ഇടപെടൽ ആവശ്യമായ യാതൊന്നും നമ്മിൽ ശേഷിക്കുകയില്ല.